നിയമം നന്നാക്കുന്നതിനുവേണ്ടി ഏതു ഭാഗത്തുനിന്ന് നിർദ്ദേശങ്ങൾ വന്നാലും അത് സ്വീകരിക്കാൻ തയ്യാറാണ്. സബ്ജക്ട് കമ്മിററി പരിശോധിക്കാൻ തയ്യാറാണ്. അതുകൊണ്ട് ഇത് സബ്ജക്ട് കമ്മിററിയുടെ പരിഗണനക്ക് വിടണമെന്നുള്ള പ്രമേയം അംഗീകരിച്ചു തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. സബ്ജക്ട് കമ്മിററി നാളെ 4 മണിക്കു കൂടുന്നതാണെന്ന് കൂടി അറിയിക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ, അദ്ദേഹം അവതരിപ്പിച്ച ഭേദഗതി, സഭയുടെ അനുമതിയോടെ പിൻവലിച്ചതായി പ്രഖ്യാപിച്ചു.

**1987**-ലെ കേരള കയർത്തൊഴിലാളി ക്ഷേമനിധി ബിൽ, വ്യവസായവും ധാതുക്കളും സംബന്ധിച്ച് 4-ാം സബ്ജക്ട് കമ്മിററിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

**1987**-ലെ കേരള കയർതൊഴിലാളി ക്ഷേമനിധി ബിൽ, വ്യവസായവും ധാതുക്കളും സംബന്ധിച്ച് 4-ാം സബ്ജക്ട് കമ്മിററിക്ക് അയച്ചു.

## VII. സ്പീക്കറുടെ റൂളിംഗ്

മി. സ്പീക്കർ: ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ഒരു പരാമർശത്തെ സംബന്ധിച്ച് ഇവിടെ പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ചു, പ്രതിപക്ഷനേതാവും ശ്രീ. വയലാർ രവിയും ആമുഖമായി എനിക്ക് പറയാനുള്ളത് മുഖ്യമന്ത്രി എന്നുള്ള നിലയിൽ അദ്ദേഹത്തിന് ഈ സംസ്ഥാനത്തെ ഏതൊരു പൗരനെ സംബന്ധിച്ചും കിട്ടുന്ന ഒഫീഷ്യൽ റിപ്പോർട്ട് നിയമസഭയിൽ പറയാനുള്ള റൈറ്റുണ്ട്. അത് ചിലപ്പോൾ അഡ്വേഴ്സായിരിക്കാം. പക്ഷേ മുഖ്യമന്ത്രി അത് പേഴ്സണലായിട്ട് പറയുന്നതല്ല. It is in the form of a report. He is entitled to disclose that report in the house. അത് ചിലപ്പോൾ ഇൻക്രിമിനേററിയായിട്ട് വന്നേക്കാം. പക്ഷേ മുഖ്യമന്ത്രി എന്നുള്ള ഔദ്യോഗിക പദവിയിൽ പറയാൻ അവകാശമുണ്ട്. അത് പറയാം. പ്രസക്തമായ കാര്യത്തിലേക്ക് ഞാൻ വരാം. ഇവിടെ മുഖ്യമന്ത്രിയുടെ പ്രസംഗം ഞാൻ വായിക്കുന്നു- "പാളയത്തുനിന്നു് ജാഥ വരുന്നതിന് മുമ്പ് എനിക്ക് കിട്ടിയറിപ്പോർട്ടനുസരിച്ച് ബസിനുനേരെ കല്ലെറിഞ്ഞിട്ട് എം. എൽ. എ. ഹോസ്ററലിൽ ശ്രീ. പന്തളം സുധാകരൻെറയും ശ്രീ. രമേശ് ചെന്നിത്തലയുടേയും മുറിയിൽ ഒളിച്ചു. അക്രമവും കയ്യേററവും നടത്തുന്നതിനുള്ള സംഭവങ്ങൾ കരുതിക്കൂട്ടി സൃഷ്ടിക്കാൻ പ്ലാനിട്ട് ആവിഷ്ക്കരിച്ചു എന്നുള്ളതായിരുന്നു എനിക്ക് കിട്ടിയിട്ടുള്ള റിപ്പോർട്ട്" അങ്ങനെ എം. എൽ. എ. ക്വാർട്ടേഴ്സിലെ രണ്ടു മെമ്പർമാരുടെ മുറിയിൽവച്ച് ആലോചന അല്ലെങ്കിൽ ഗൂഢാലോചന നടത്തി എന്നുള്ള റിപ്പോർട്ടല്ലാതെ ഈ എം. എൽ. എ. മാർ സ്ഥലത്തുണ്ടായിരുന്നതായിട്ടോ, അതിൽ പങ്കെടുത്തതായിട്ടോ പറഞ്ഞിട്ടില്ല. അതുപോലെ രണ്ടാമതു പറഞ്ഞത്, പ്രതിപക്ഷ നേതാവിൻെറയും മററും നേതൃത്വത്തിലാണ് നടന്നത് എന്നുള്ള പരാമർശം 'It is only a political assessment and not a factual statement' അതുകൊണ്ട് മുഖ്യമന്ത്രിക്ക് പറയാനുള്ള റൈറ്റുണ്ട്. ഞാൻ ഇതിനെ സംബന്ധിച്ചിടത്തോളം എൻെറ തീരുമാനം പറയാം. അതുപോലെ വേറൊരു കാര്യം ഭരണഘടനയിലെ 194-ാം വകുപ്പ് ലംഘിക്കുന്നു എന്നുള്ള ശ്രീ. വയലാർ രവിയുടെ ആരോപണവും പ്രസക്തമല്ല. കാരണം ഈ ഗവൺമെൻറിൻെറ തലവൻ എന്നുള്ള നിലയിൽ അദ്ദേഹത്തിന് ഇൻഫർമേഷൻ പല സോഴ്സിൽക്കൂടിയും

LIBRARY ARCHIVES Kerala Legislative Assembly

കിട്ടും. അത് 194-ാം വകുപ്പിന്റെ ലംഘനമാവുകയില്ല. പോലീസ് എം. എൽ. എ. ക്വാർട്ടേഴ്സിൽ കയറാതെതന്നെ ഇന്നത്തെ ആധുനിക സിസ്റ്റമനുസരിച്ച് കമ്പ്യൂട്ടർവഴി ഇൻഫർമേഷൻ കളക്ട് ചെയ്യുന്ന ഈ യുഗത്തിൽ എം. എൽ. എ. ക്വാർട്ടേഴ്സിൽ പോലീസ് പ്രവേശിച്ചെങ്കിലെ അവിടെ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഇൻഫർമേഷൻ കിട്ടു എന്നുള്ള വാദഗതി ശരിയല്ല. Even without entering the premises of the M. L. A. Quarters information can be collected. Therefore, there is no infringement of Article 194 of the Constitution, മാത്രവുമല്ല ഒരു റിപ്പോർട്ടുകിട്ടി, ഒഫീഷ്യൽ റിപ്പോർട്ടാണ് കിട്ടിയത്, ഒഫീഷ്യൽ റിപ്പോർട്ടാണ് ഡിസ്ക്ലോസ് ചെയ്തത്. ആ ഒഫീഷ്യൽ റിപ്പോർട്ട് ഡിസ്ക്ലോസ് ചെയ്യുമ്പോൾ അതിനെ സംബന്ധിച്ചുള്ള വിവരം അദ്ദേഹം പറഞ്ഞു എന്നുള്ളതല്ലാതെ റൂൾ 285-ന്റെ പരിധിയിൽ ഇത് വരുന്നില്ല. 285-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് "ഒരു മെമ്പർക്കെതിരായി മറ്റൊരു മെമ്പർ ആരോപണമുന്നയിക്കുമ്പോൾ എഴുതികൊടുക്കണമെന്നാണ്" ഇവിടെ മുഖ്യമന്ത്രി ആർക്കെതിരായിട്ടും ആരോപണം ഉന്നയിച്ചിട്ടില്ല. ആരോപണമായിട്ട് അദ്ദേഹം വാക്കിൽ പറഞ്ഞുവെങ്കിലും ആരോപണമായിട്ട് ഉന്നയിച്ചിട്ടില്ല. ആരോപണമായിട്ടല്ല പറഞ്ഞത്. It is only a factual statement on the basis of the report which he got through the intelligence source അതുകൊണ്ട് റൂൾ 285 ഈ കാര്യത്തിൽ പ്രസക്തമല്ല. അതുകൊണ്ട് നേരത്തെ ഈ കാര്യം അറിയിക്കേണ്ട കാര്യമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർമാർ ഉന്നയിച്ചിട്ടുള്ള പോയിന്റ് ഓഫ് ഓർഡർ ഒന്നും പ്രസക്തമല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

മുഖ്യമന്ത്രിക്ക് റൂൾ 300 അനുസരിച്ച് ഒരു സ്റ്റേറ്റ്മെന്റ് നടത്താനുള്ള അനുവാദം ചെയർ നൽകുന്നു.

## VIII. റൂൾ 300 അനുസരിച്ചുള്ള പ്രസ്താവന

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സർ, ഇന്ന് പ്രതിപക്ഷ നേതാവും അനുയായികളും വാക്കൗട്ട് നടത്തിക്കൊണ്ട് പന്ത്രണ്ടരമണിക്ക് ഈ സമ്മേളനം ബഹിഷ്ക്കരിക്കുകയുണ്ടായി. തീർച്ചയായിട്ടും അത് പ്രായോഗികമായി ആവശ്യമില്ലാത്ത ഒരു നടപടിയായിരുന്നു എന്നാണ് എന്റെ അഭിപ്രായം. കാരണം അവർ ഉന്നയിച്ച പ്രശ്നങ്ങൾ, അതിന് അവസരം നൽകുമെന്ന് പറഞ്ഞുകൊണ്ട് ഇവിടെ അദ്ധ്യക്ഷപദം വഹിച്ചിരുന്ന ചെയർമാൻ പ്രസ്താവിച്ചത് സമ്മതിക്കാതെയാണ് എല്ലാം നിറുത്തിവച്ച് ഇത് പറയാൻ അനുവദിക്കണമെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞത്. പക്ഷേ അത് കേൾക്കാനും അനുകൂലിക്കാനുമുള്ള സൻമനോഭാവം പോലും കാണിക്കാതെ കണ്ട് അത്ര ഗൗരവമായ പ്രശ്നമാണെന്ന് ചെയർമാനെ ബോദ്ധ്യപ്പെടുത്താൻ മുതിരാതെ ബഹളം കൂട്ടിക്കൊണ്ട് ഇതിനുവേണ്ടി വാക്കൗട്ട് നടത്തിയത് ശരിയായിരുന്നില്ല എന്നാണ് എന്റെ അഭിപ്രായം. തീർച്ചയായിട്ടും അവർ പങ്കെടുക്കേണ്ടതായിരുന്നു. അവരുടെ ആവശ്യങ്ങൾ ഉന്നയിക്കേണ്ടതായിരുന്നു. ഇന്നു രാവിലെ തന്നെ ഞാൻ പരാമർശിക്കുകയുണ്ടായി അസമാധാനം സൃഷ്ടിക്കാനുള്ള ചില സാഹചര്യങ്ങൾ സൃഷ്ടിക്കുകയാണ് ഇവർ ചെയ്യുന്നതെന്ന്. ഇന്നു രാവിലെ യൂത്ത് കോൺഗ്രസിന്റെ നേതൃത്വത്തിൽ കേരളത്തിൽ പലസ്ഥലത്തും, തിരുവനന്തപുരം ഉൾപ്പെടെ പിക്കറ്റിംഗ് നടക്കുകയുണ്ടായി. ശ്രീ. ശങ്കരനാരായണനെ ആക്രമിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly